**കേരള സർക്കാർ**
ജല വിഭവ വകുപ്പ്
(ചാലിയർ പ്രോജക്ട് ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ)
നിലമ്പൂർ

## ദർഘാസ് പരസ്യം

**നമ്പർ-ടി.എൻ /01/എ.ഇ.ഇ/2020-21.** **തീയിതി 21/08/2020.**

കേരള ഗവർണർക്കു വേണ്ടി നിലമ്പൂർ ചാലിയാർ പ്രോജക്ട് ഇൻവേസ്റ്റിഗേഷൻ ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തിക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മുദ്ര വെച്ചതും പ്രവൃത്തിയുടെ പേരും നമ്പറും ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ, ദർഘാസ് ദിവസം 07-09-2020 ന് ഉച്ചക്കു ശേഷം, 3.00 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.30 മണിക്ക് തൽസമയം ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ദർഘസുകൾ തുറക്കുന്നതുമായിരിക്കും. പ്രസ്തുത ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിന് തൊട്ട് പിന്നീടുള്ള പ്രവൃത്തി ദിവസം ടി. സമയത്ത് ദർഘാസുകൾ തുറക്കുന്നതാണ്. ദർഘാസുകൾ രജിസ്റ്റേർഡ് തപാൽ, സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കകയുള്ളു. കൊറിയർ സർവ്വീസ് വഴി അയക്കുന്നതോ, നേരിട്ടു നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറു മൂലമോ, മറ്റോ കാല താമസം വന്നാൽ ഡിപ്പാർട്ടുമെന്റ് യോതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന തീയതി മുതൽ 2 മാസം വരെയായിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക(രൂപ) | നിരദ ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1 | 01/2020-21 | അടിയന്തിര ദുരന്ത നിവാരണ **പ്രവൃത്തി.** -2020 മലപ്പുറം ജില്ലയിലെ മമ്പാട് പഞ്ചായത്തിലെ ഓടായിക്കലില് ചാലിയാർ നദിക്ക് കുറുകെയുള്ള ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ 2020 ലെ കാലവർഷക്കെടുതിയോട് അനുബന്ധിച്ചുള്ള പ്രവൃത്തി. -2020 | 38,246/- | 1000/- | 300 + നികുതികൾ |
| 2 | 02/2020-21 | അടിയന്തിര ദുരന്ത നിവാരണ **പ്രവൃത്തി.** -2020 മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിലെ പൂക്കോട്ടുമണ്ണയില് ചാലിയാർ നദിക്ക് കുറുകെയുള്ള പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ 2020 ലെ കാലവർഷക്കെടുതിയോട് അനുബന്ധിച്ചുള്ള പ്രവൃത്തി | 1,64,756/ | 4150/ | 500+ നികുതികൾ |

| | | |
|---|---|---|
| ദർഘാസ് ഫോറത്തിന്റെ വിൽപന | - | താഴെ ഒപ്പിട്ടിരിക്കുന്ന ഓഫീസിൽ നിന്നും 26-08-2020 മുതൽ 03-09-2020 ഉച്ചക്ക് 1.00 മണിവരെ. |
| കരാറുകാരുടെ വിഭാഗം | - | ഡി യും അതിന് മുകളിലും |
| ദർഘാസ് തീയതി | - | 07-09-2020. |
| ദർഘാസ് സ്വീകരിക്കൽ | - | ടെൻഡർ ദിവസം ഉച്ചക്ക് ശേഷം 3.00 മണിവരെ |
| ദർഘാസ് തുറക്കൽ | - | ടെൻഡർ ദിവസം ഉച്ചക്ക് ശേഷം 3.30 മണിക്ക് |

Scanned with CamScanner

പ്രവൃത്തിയുടെ പൂർത്തികരണ കാലവധി - 1 (ഒന്ന്) മാസം

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും നിശ്ചിത സമയത്തിനു മുമ്പായി ദർഘാസ് ഫോറത്തിന്റെ വിലയും നികുതിയും ഈ കാര്യാലയത്തിൽ അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിനു വേണ്ടി അടക്കുന്ന തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ദർഘാസ് പ്രമാണത്തിന്റെ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ വില എത്രയെന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും ആയതും ചരക്കു സേവന നികുതിയും, ദർഘാസ് പ്രമാണത്തിനായി ഈ കാര്യാലയത്തിൽ ഒടുക്കേണ്ടതുമാണ്. ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തിയുടെ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകർക്ക് മാത്രം ലഭിക്കുന്നതും, ഇവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ദർഘാസ് ദിവസം നിശ്ചിത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതുമാണ്. നിരത ദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയും ആവശ്യമായ സ്റ്റാമ്പ് പതിച്ചതുമായ നിരത ദ്രവ്യം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സംബന്ധിച്ച് ജല വിഭവ വകുപ്പിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ദർഘാസിനോടൊപ്പം 225/-രൂപയുടെ മുദ്രപത്രത്തിൽ ശരിയായ വിധത്തുലുള്ള പ്രാഥമിക ഉടമ്പടി, ടി.ആർ. 5 രശീതിയോ അതിന്റെ പകർപ്പോ എന്നിവ വെക്കാത്ത. ദർഘാസുകളും, കവറിന്റെ പുറത്ത് പ്രവത്തിയുടെ പേരം നമ്പറും എഴുതാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. സർക്കാർ ഉത്തരവ് നമ്പർ (സാധ) 582/2012/WRD/ തിരുവനന്തപുരം, തീയതി 16-05-2012 ൽ നിർദ്ദേശിച്ച പ്രകാരം കോർബാങ്കിംഗ് സംവിധാനമുള്ള ബാങ്കിലെ കരാറുകാരന്റെ അക്കൗണ്ട് നമ്പറും IFSC കോഡും ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

1/8/2020.

ചാലിയാർ പ്രോജക്ട് ഇൻവേസ്റ്റിഗേഷൻ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം നിലമ്പൂർ

അബ്ദുൽ അസീസ്. കെ.എൻ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(ബഹു കേരള ഗവർണർക്കുവേണ്ടി)

Assistant Executive Engineer
Irrigation Department
Chaliyar Project Investigation
Sub Division No. I, Nilambur

പകർപ്പ് -ഐ.ടി. സെൽ. തിരുവനന്തപുരം

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. ഡിവിഷൻ മലപ്പുറം
2. ഓഫീസ് നോട്ടീസ് ബോർഡ്
3. അസിസ്റ്റന്റ് എഞ്ചിനീയർ, സി.പി.ഐ.സെക്ഷൻ 2/1 നിലമ്പൂർ .
4. അസിസ്റ്റന്റ് എഞ്ചിനീയർ, സി.പി.ഐ.സെക്ഷൻ 1/1 നിലമ്പൂർ .
5. വില്ലേജ് ഓഫീസർ, പുള്ളിപ്പാടം വില്ലേജ്.
6. വില്ലേജ് ഓഫീസർ മമ്പാട് വില്ലേജ്.
7. സെക്രട്ടറി മമ്പാട്, തിരുവാലി ഗ്രാമ പഞ്ചായത്ത്.
8. വില്ലേജ് ഓഫീസർ, ചുങ്കത്തറ വില്ലേജ്.
9. സെക്രട്ടറി ചുങ്കത്തറ ഗ്രാമ പഞ്ചായത്ത

Office of the Asst. Executive Engineer
Chaliyar Project (Inv.) Sub Division No.1
Nilambur
Date ..........

Scanned with CamScanner